## പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3734. 30.01.2014 ൽ മറുപടിയ്ക്ക്.

### സ്വകാര്യ ഓർഡിനറി ബസ്സുകൾ സൂപ്പർ ഫാസ്റ്റുകളാക്കി സർവ്വീസ് നടത്തുന്നത് തടയാൻ സ്വീകരിച്ച നടപടി

| ചോദ്യം<br>ശ്രീ. പി.കെ. ഗുരുദാസൻ<br>" ബി.ഡി. ദേവസ്സി<br>" സി. കൃഷ്ണൻ<br>" കെ. കുഞ്ഞിരാമൻ (ഉദുമ) | | ഉത്തരം<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>( വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) |
|---|---|---|
| (എ) സ്വകാര്യ ഓർഡിനറി ബസ്സുകൾ സൂപ്പർ ഫാസ്റ്റും എക്സ്പ്രസ്സും ആയി മാറ്റുന്നത് തടഞ്ഞുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിരുന്നോ ; | (എ) | അപ്രകാരം ഒരു ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല. എന്നാൽ ഓർഡിനറി സർവ്വീസ് ഒഴികെയുള്ള എല്ലാ ക്ലാസ്സിലും പെട്ട സ്റ്റേജ് കാര്യേജുകളും ഓടിക്കുന്നതിനും ട്രിപ്പുകൾ വർദ്ധിപ്പിക്കുന്നതിനും ഉള്ള അവകാശം സ്റ്റേറ്റ് ട്രാൻസ്പോർട്ട് അണ്ടർടേക്കിംഗിന് മാത്രമായി നിജപ്പെടുത്തിക്കൊണ്ട് സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) എങ്കിൽ ഇതിന് വിരുദ്ധമായി സ്വകാര്യബസ്സുകൾ പ്രവർത്തിച്ച വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) | പ്രസ്തുത ഉത്തരവിന് മുൻപ്, നിലവിൽ 140 കി.മീറ്ററിനു മുകളിൽ ഓടുന്ന ബസ്സുകൾക്ക്, ഹയർ ക്ലാസ്സ് സർവ്വീസ് പെർമിറ്റ് ലഭിക്കാൻ സമർപ്പിച്ച അപേക്ഷകൾ അതാത് റീജിയണൽ ട്രാൻസ്പോർട്ട് അതോറിറ്റികൾ നിരസിച്ചുവെങ്കിലും ബഹു. സ്റ്റേറ്റ് ട്രാൻസ്പോർട്ട് അപ്പലേറ്റ് ട്രൈബ്യൂണലിന്റെയും ഹൈക്കോടതിയുടെയും ഉത്തരവ് അനുസരിച്ചാണ് സൂപ്പർ ഫാസ്റ്റ് / എക്സ്പ്രസ് പെർമിറ്റുകൾ നൽകിയിട്ടുള്ളത്. സർക്കാർ വിജ്ഞാപനം പ്രാബല്യത്തിൽ വന്നതിനെ തുടർന്ന് റീജിയണൽ ട്രാൻസ്പോർട്ട് അതോറിറ്റികൾ പെർമിറ്റ് നിരസിച്ചപ്പോൾ വാഹന ഉടമകൾ ബഹു. ഹൈക്കോടതിയിൽ റിട്ട് ഹർജികൾ ഫയൽ ചെയ്യുകയും പ്രസ്തുത വിജ്ഞാപനത്തിനെതിരെ ഒരു താത്ക്കാലിക നിരോധന ഉത്തരവ് (സ്റ്റേ) ബഹു. ഹൈക്കോടതിയിൽ നിന്നും നേടുകയും ഉണ്ടായി. അതിനു ശേഷം വിശദമായ വാദം കേട്ട് ബഹു. ഹൈക്കോടതി ജഡ്ജ്മെന്റ് റിസർവ്വ് |

| | | |
|---|---|---|
| | | ചെയ്തിരിക്കുകയാണ്. ഫലം പുറത്തു വരാത്തതുകൊണ്ടും status quo നില നിർത്താൻ ബഹു. ഹൈക്കോടതി ഉത്തരവായിട്ടുള്ളതിനാലും പെർമിറ്റ് പുതുക്കുന്നില്ല. പകരം ആർ.ടി.എ.കൾ നാലു മാസം താത്ക്കാലിക പെർമിറ്റ് കൊടുക്കുന്നു. പുതിയ പെർമിറ്റുകൾ നൽകുന്നില്ല. |
| (സി) ഇതുമൂലം വിദ്യാർത്ഥികളും പൊതുജനങ്ങൾക്കുമുള്ള ബുദ്ധിമുട്ടുകൾക്ക് പരിഹാരം കാണുന്നതിന് നടപടി സ്വീകരിക്കുമോ ; | (സി) | അനധികൃതമായി ഫാസ്റ്റ് പാസഞ്ചർ/ എക്സ്പ്രസ് ബോർഡുകൾ പ്രദർശിപ്പിച്ച് സർവ്വീസ് നടത്തുന്ന ബസ്സുകൾക്കെതിരെ നടപടി സ്വീകരിക്കുന്നുണ്ട്. |
| (ഡി) സ്വകാര്യ ബസ്സുടമകളുടെ ഇത്തരത്തിലുള്ള പ്രവർത്തനം മൂലം കെ.എസ്.ആർ.ടി.സി.ക്കുണ്ടാകുന്ന നഷ്ടം വിലയിരുത്തിയിട്ടുണ്ടോ ; | (ഡി) | ഇല്ല. |
| (ഇ) സ്വകാര്യബസ്സുകളുടെ സൂപ്പർഫാസ്റ്റ് സർവ്വീസുകൾ റദ്ദാക്കിക്കൊണ്ട് സർക്കാർ പുറപ്പെടുവിച്ച ഉത്തരവ് കോടതി സ്റ്റേ ചെയ്തിരുന്നോ ; | (ഇ) | സ്റ്റേ ചെയ്തിരിക്കുകയാണ്. |
| (എഫ്) സ്റ്റേ നീക്കുന്നതിനായി എന്തെല്ലാം നടപടി സ്വികരിച്ചുവെന്നറിയിക്കുമോ ? | (എഫ്) | നിയമാനുസൃതമായ നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ.